**പതിമൂന്നാം കേരള നിയമസഭ**

**എഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**

**നിയമസഭാ ചോദ്യം നമ്പർ : 161** | **12.02.2013-ൽ മറുപടിക്ക്.**

## സംസ്ഥാനത്തൊട്ടാകെ നിരീക്ഷണ ക്യാമറ നെറ്റ് വർക്ക് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>,, ബെന്നി ബഹനാൻ<br>,, എ. പി. അബ്ദുള്ളക്കുട്ടി<br>,, ലൂഡി ലൂയിസ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ക്രമസമാധാന പരിപാലനത്തിനായി സംസ്ഥാനത്തൊട്ടാകെ നിരീക്ഷണ ക്യാമറ നെറ്റ്‌വർക്ക് സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതികളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | : (എ) & (ബി)<br>വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ നഗരത്തെ മുഴുവൻ ഒരു പൊതുസുരക്ഷാ നിരീക്ഷണ മേഖലയാക്കി ജനജീവിതം സംരക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ അത്യാധുനിക ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ആധുനികവൽക്കരണ പദ്ധതിയുടെ ഭാഗമായി 60 ട്രാഫിക് സെക്യൂരിറ്റി ക്യാമറകൾ വാങ്ങി തിരുവനന്തപുരം സിറ്റി (27 എണ്ണം), കൊച്ചി സിറ്റി (15 എണ്ണം) കോഴിക്കോട് സിറ്റി (18 എണ്ണം) എന്നീ നഗരങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 50 ട്രാഫിക് സെക്യൂരിറ്റി ക്യാമറകൾ കൂടി വിവിധ പോലീസ് ജില്ലകളിൽ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ ഹൈവേകളിൽ 50 സ്ഥലങ്ങളിലായി 100 ക്യാമറകൾ സ്ഥാപിക്കുന്നതിന് കെൽട്രോണിന് അനുമതി നൽകിയിട്ടുണ്ട്. |

(മറുപുറം)

525 കിലോമീറ്റർ ദൈർഘ്യമുള്ളതും അപകട സാദ്ധ്യത കൂടുതലുള്ളതുമായ ദേശീയ പാതകളുടെ ഇരുവശങ്ങളിലുമായി 100 സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ദേശീയ-സംസ്ഥാന പാതകൾ പോലീസ് നിരീക്ഷണത്തിലാക്കുന്നതിനുള്ള നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഘട്ടം ഘട്ടമായി ദേശീയ-സംസ്ഥാന പാതകൾ പൂർണ്ണമായും പോലീസ് നിരീക്ഷണത്തിലാക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

| | |
|---|---|
| (സി) പ്രസ്തുത സംവിധാനം എവിടെയെല്ലാമാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;<br><br>(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തു കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കുമോ? | : (സി) & (ഡി)<br>സംസ്ഥാനത്ത് എല്ലായിടത്തും പ്രത്യേകിച്ച് വാഹനത്തിരക്കുള്ള ജംഗ്ഷനുകൾ, പ്രധാന റോഡുകളിലെ അപകട സാധ്യതയുള്ള മേഖലകൾ എന്നിവിടങ്ങളിലാണ് പ്രസ്തുത നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നത്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി സെക്യൂരിറ്റി ക്യാമറകൾ വാങ്ങി തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, കൊച്ചി സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ആവശ്യകതയനുസരിച്ച് ഇവ കൂടുതൽ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ